Cottage Industries

*126. (436) Shri **N. Ganapathy** : Will the Industries Minister be pleased to state :

(a) Whether the Industries Department has published any literature or pamphlet giving guidance and advice regarding the organisation of Cottage Industries ;

(b) If so, will the Minister be pleased to lay on the table a copy of each of such literature or pamphlet.

Minister for Industries (SHRI. **T.V. Thomas**):

(a) and (b) The Industries Department has not published any literature or pamphlet giving guidance and advice regarding the organisation of Cottage Industries. But the Khadi Commission has published book-lets on Bee-keeping and Pottery. A copy each of the book-lets is laid on the table. *

പുതിയ വ്യവസായം

*127. [438] ശ്രീ. കെ. ഐ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതുതായി എന്തെങ്കിലും വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) യുക്കാലിപ്റസ്, ഈറ, മുള, ഇവ സുലഭമായി ലഭിക്കുന്ന ഹൈറേഞ്ചിൽ ഒരു കടലാസ് ഫാക്റ്ററി സ്ഥാപിക്കുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ടു്. അടിയന്തിരമായി തുടങ്ങാനുദ്ദേശിക്കുന്ന ചില സ്ഥാപനങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) അതിനെസംബന്ധിച്ചു് പദ്ധതികളൊന്നും ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിലില്ല.

കേരളത്തിൽ വിവിധ വ്യവസായങ്ങൾ തുടങ്ങാനുള്ള പദ്ധതികൾ

*128. [440] ശ്രീ. കെ. ശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവിധ വ്യവസായങ്ങൾ തുടങ്ങാനുള്ള ഏതെങ്കിലും പദ്ധതികൾ കേന്ദ്രത്തിന്റെ പരിഗണനയ്ക്കായി സംസ്ഥാനഗവണ്മെന്റു് സമർപ്പിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ കേന്ദ്രഗവണ്മെന്റിന്റെ പ്രതികരണമെന്തെന്നു പറയാമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഒരു സമഗ്ര പദ്ധതി തയ്യാറാക്കി കേന്ദ്രഗവണ്മെന്റിനു് സമർപ്പിച്ചിട്ടുണ്ടു്. ഈ പദ്ധതികൾക്കു് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) തീരുമാനം എന്തെന്നു് അറിവായിട്ടില്ല.

---

*Placed in the library.
*Appendix II

LIBRARY ARCHIVES Kerala Legislative Assembly